കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഫോൺ – 04912520145
ഇ മെയിൽ – dopkd.ksad@kerala.gov.in

www.ksad.kerala.gov.in

## ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018 – 2019

നം.കെ.എസ്.എ-പികെഡി20/1367/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി -03-02-2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/1367/2020 **തീയതി** – 03.02.2021

**പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-05-2019 മുതൽ 8-11-2020തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് 20 അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപന തലവന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എൻ സതീശൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-11-2020മുതൽ 19-11-2020 വരെ |

| | |
|---|---|
| ശ്രീ.പി.ജി.സദാനന്ദൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീഎം.ശിവപ്രസാദ്, | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ കെ.വി.രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.വി.ആർ.ഷീജ (16-11-20 മുതൽ 19-1120 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.കെ.സുനിൽകുമാർ | 1-4-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | സുരേഷ് ബാബു എം.എസ് | 1-4-18 മുതൽ 31-3-19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ദിവ്യ കെ.കെ. | 1-4-18 മുതൽ 16-3-19 വരെ |
| | സഹനഹംസ.എൻ.എച്ച് | 17-03-19 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | പി.കെ.കാർത്തികേയൻ | 1-4-18 മുതൽ 16-10-18 വരെ |
| | ഏലിയാമ്മ ജേക്കബ് | 17-10-18 മുതൽ 31-3-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | പ്രിയ എം.ടി | 1-4-18 മുതൽ 31-3-19 വരെ |
| അസി.എഞ്ചിനീയർ | സജീവ് കെ | |

| | | |
|---|---|---|
| | | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.സുഷമ കെ | 1-4-18 മുതൽ 31-3-19വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജിസ റോസ് | 1.4.18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീജിത്ത് എസ്. | 1-4-18 മുതൽ 31-3-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രാജേഷ് എം.ബി. | 01-04-2018 മുതൽ 02-09-2018 വരെ |
| | ഡോ.രശ്മി കെ വാസു | 03-09-18 മുതൽ 12-02-2019 വരെ |
| | ഡോ.കാർത്തിക.പി.ആർ | 13-02-2019 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ | ജോർജ് ടി.സി | 1-4-18 മുതൽ 31-3-19 വരെ |
| അസി.സെക്രട്ടറി | പി. ശ്രീജിത്ത് | 1-4-18 മുതൽ 31-3-19 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം) |
| 7 | 1-7 | തൊഴിലുറപ്പു പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | കാഷ് ബാലൻസ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | നിഷ്ക്രിയ ബാങ്ക് അക്കൌണ്ടുകൾ അവസാനിപ്പിക്കണം |
| 13 | 1-13 | ടെണ്ടർ ഫോം വിൽപന തുക - കളക്ഷൻ രജിസ്റ്ററിൽ |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയില്ല |
| 14 | 1-14 | അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല |
| 15 | 1-15 | ഫാക്ടിയോസ് ലൈസൻസ് - ചട്ട പ്രകാരം നടപടികൾ സ്വീകരിക്കണം |
| 16 | 1-16 | തൊഴിൽ നികുതി വരവ് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം |
| 17 | 1-17 | വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 18 | 1-18 | ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം |
| 19 | 1-19 | അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല |
| 20 | 1-20 | ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ചാർജ് 1250 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് അംഗീകരിക്കുന്നില്ല |
| 21 | 1-21 | തുല്യത പഠന പ്രൊജക്ട്- നിർവ്വഹണം ക്രമപ്രകാരമല്ല |
| 22 | 1-22 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – 3411680 രൂപ തടസ്സപ്പെടുത്തുന്നു |
| 23 | 1-23 | നിർവഹണോദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ- ICDS സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ കൈമാറിയിട്ടില്ല. |
| 24 | 1-24 | വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ - രേഖവളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല |
| 25 | 1-25 | എസ്റ്റിമേറ്റ്, വർക്ക് ബിൽ എന്നിവ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു |
| 26 | 1-26 | റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. |
| 27 | 1-27 | പൊതുമരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി കോംപൻസേഷൻ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 28 | 1-28 | റോഡ് റീടാറിങ്ങ് പ്രവൃത്തി - കരാറുകാരന് അധിക തുക നൽകി |
| 29 | 1-29 | ടെണ്ടർ കുറവ് |

| | | |
|---|---|---|
| | | ഈടാക്കിയില്ല - 33143/- രൂപ നഷ്ടം |
| 30 | 1-30 | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല |
| 31 | 1-31 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 32 | 1-32 | വെറ്ററിനറി സർജ്ജൻ -പ്രൊജക്ട് നിർവ്വഹണ അവലോകനം |
| 33 | 1-33 | ലൈഫ് മിഷൻ അവലോകനം |
| 34 | 1-34 | ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം |
| 35 | 3-1 | കാലി ബാരലിന്റെ വില ഈടാക്കിയില്ല |
| 36 | 3-2 | റോഡ് റീ ടാറിങ്ങ് പ്രവൃത്തി - കരാറുകാരന് അധികം തുക നൽകി |
| 37 | 3-3 | പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ടെണ്ടർ കുറവ് ഈടാക്കിയില്ല |
| 38 | 3-4 | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല |
| 39 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 42 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 43 | 4-5 | സ്ഥിര നിക്ഷേപം |
| 44 | 4-6 | ഓഡിറ്റ് റിക്കവറി |
| 45 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 46 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 47 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 49 | അനുബന്ധം -1 | ഓഡിറ്റ് സാക്ഷ്യപത്രം (പകർപ്പ്) |
| 50 | അനുബന്ധം -2 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം (AFS- Audited Abstract) |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.03.2018 തിയതിയിലെ തീരുമാനം 3-1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 11.1.2019ലെ 6 (1) തീരുമാനം പ്രകാരം പാസാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-07-2019 | 21-05-2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2018-19 | 28.06.2019 – 29.06.2019 | KSA.PKD.21/997/2019(10) dt.26.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17586909 |
| വരവ് | 64649498 |
| ആകെ | 82236407 |
| ചെലവ് | 64179567 |
| നീക്കിയിരിപ്പ് | 18056840 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 12251000 | 12251000 | 11350458 | 900542 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 9943000 | 9943000 | 8677074 | 1265926 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 129000 | 129000 | 0 | 129000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 7961000 | 7961000 | 6776672 | 1184328 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5685000 | 5685000 | 3967747 | 1717253 |
| കെ.എൽ.ജി. എസ്. ഡി.പി (എ.സി.ആർ പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 339 | 495423 | 495762 | 495762 | 0* |
| എം.ജി.എൻ.ആർ .ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 25240456 | 25240456 | 25240456 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 0 | 970717 | 970717 | 811675 | 159042 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 1975337 | 1975337 | 975337 | 1000000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9684283 | 9118407 | 18802690 | 13004122 | 5798568 |
| തനത് ഫണ്ട്-എസ്.ബി.ഐ | 7360935 | 19575924 | 26936859 | 15440213 | 11496646 |
| തനത് ഫണ്ട്-ബാങ്ക് അക്കൗണ്ട് | 5387 | 10254 | 15641 | 7388 | 8253 |
| ഐ.സി.ഡി.എസ് | 1644909 | 382400 | 2027309 | 1373585 | 653724 |
| ശുചിത്വ മിഷൻ | 542250 | 0 | 542250 | 0 | 542250 |
| ടി എസ് സി | 25000 | 2633409 | 2658409 | 0 | 2658409 |
| ബി ഫണ്ട് | 0 | 56640 | 56640 | 566400 | 0 |
| ബാങ്ക്-മറ്റുള്ളവ-1 (സാക്ഷരത) | 7184 | 255 | 7439 | 0 | 7439 |
| ബാങ്ക്-മറ്റുള്ളവ-2 (ദുരിതാശ്വാസ നിധി)ചാലിശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 50204 | 2035 | 52239 | 21030 | 31209 |
| എസ്.ബി.ഐ തൊഴിലുറപ്പ് പദ്ധതി വാടക | 367793 | 13043 | 380836 | 0 | 380836 |
| STSB-18 RIDF | 100 | 0 | 100 | 0 | 100 |

* AFS-ലെ RP31 പ്രകാരം ഭരണ ചെലവ് ഇനത്തിലെ വരവ് 495506 രൂപയാണ്. എന്നാൽ I&E a/c പ്രകാരം I-6, I-14 (a) എന്നിവയിൽ വരവും ചെലവുമായി കാണിച്ചിട്ടുള്ളത് 495423 രൂപയാണ്. ബാക്കിയുള്ള 83 രൂപ RP40(b)-യിൽ ചേർത്തിട്ടുമില്ല. ഇത്തരത്തിൽ വ്യത്യാസം വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 86894953 | 93 | 46054084 | 0 | 57 | 52.99 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 4689950 | 3850933 | 82.11 |
| വി.ഇ.ഒ | 11 | 8 | 23788160 | 14291313 | 60.07 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 4636160 | 3958804 | 85.38 |
| സെക്രട്ടറി | 31 | 13 | 16843145 | 2889087 | 17.15 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 42 | 27387918 | 13579895 | 49.58 |
| മെഡിക്കൽ ഓഫീസർ-CHC | 3 | 3 | 750000 | 711114 | 94.81 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2179500 | 1132219 | 51.94 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 550000 | 550000 | 100 |
| എച്ച്.എം | 6 | 5 | 1260170 | 1143450 | 90.73 |
| അസി.സെക്രട്ടറി | 8 | 6 | 4209950 | 3347269 | 79.5 |
| ഡയറി ഫാം ഇൻസ്പെക്ടർ | 0 | 0 | 0 | 0 | 0 |
| ആകെ | 150 | 93 | 86894953 | 46054084 | 52.99 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ .ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 339 | 495423* | 495762 | 495762 | 0 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 25240456 | 25240456 | 25240456 | 0 |
| ആകെ | 339 | 25735879 | 25736218 | 25736218 | 0 |

* RP 31 പ്രകാരം വരവ് 495506 രൂപയാണ്. 83 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 56640 | 36 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3432700 | 266 |
| 3 | വിധവാ പെൻഷൻ | 12436200 | 1016 |
| 4 | വാർദ്ധക്യകാല പെൻഷൻ | 20200100 | 1668 |
| 5 | വികലാംഗ പെൻഷൻ | 3204600 | 267 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 991700 | 75 |

## 1-9 കാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 (4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 17-11-2020 – 11.35 എ. എംന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനാ വേളയിൽ 13791.00 രൂപയുടെ നീക്കിയിരുപ്പ് ഉണ്ടായിരുന്നു. ഈ തുക ഡേ ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ടിരുന്നു. എന്നാൽ കാഷ് ബുക്ക് പ്രകാരം നീക്കിയിരുപ്പ് 62171.00 ആയിരുന്നു. വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 7/17.11.20 ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ 5.10.20 മുതൽ അക്കൗണ്ടിംഗിനായി ILGMS സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ ആരംഭിച്ചുവെന്നും, 5.10.20 ലെ ഓപ്പണിംഗ് ബാലൻസ് ഉൾപ്പെടുത്താതിനാലാണ് വ്യത്യാസം വന്നതെന്നും ,ഇത് പരിഹരിക്കുന്നതിനായി ഐ കെ എം നെ സഹായം തേടിയിട്ടുണ്ടെന്നും അറിയിച്ചു.

സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച്, കാഷ് ബുക്ക് നീക്കിയിരുപ്പും, യദാർത്ഥ കാഷ് നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ , രേഖകളുടെ പകർപ്പ് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക പത്രികകൾ സി.&എ.ജി. നിർദ്ദേശിച്ച മാതൃകയിൽത്തന്നെ തയ്യാറാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. സുതാര്യമായ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിച്ചിട്ടുണ്ട്. വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ചെലവുകളെല്ലാം വൌച്ചറുകളുടെയും, സബ് വൌച്ചറുകളുടെയും അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

താഴെപ്പറയുന്ന പൊതുവായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കൃത്യമായി സൂക്ഷിക്കണം.
2. റോഡ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ കൃത്യമായ വിവരം ഇല്ല. റോഡ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5.11.20 മുതൽ 6.11.20 വരെ | 01.07.20 മുതൽ 31.10.20 വരെ | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.07.2009 മുതൽ 18.07.2009 വരെ | 2004-05 മുതൽ 2008-09 വരെ | 12.08.2009 |

## 1-12 നിഷ്ക്രിയ ബാങ്ക് അക്കൌണ്ടുകൾ അവസാനിപ്പിക്കണം

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ 2018-19 മുതൽ യാതൊരു ഇടപാടുകളും നടത്തുന്നില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നം | 19/11/2020ന് അക്കൗണ്ടിലുള്ള തുക | അക്കൗണ്ട് ഉദ്ദേശം |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 57063328527 | 7802.00 | സാക്ഷരത |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 67029889454 | 398529.00 | MGNREGS RENT |

നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നത് അവസാനിപ്പിക്കേണ്ടതും, നീക്കിയിരുപ്പ് തുകകൾ ബന്ധപ്പെട്ട മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റേണ്ടതുമാണ്.

## 1-13 ടെണ്ടർ ഫോം വിൽപന തുക - കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിന്റെ ആവശ്യത്തിനായി 5.10.2017 ന് നൽകിയ 27369 -ാം നമ്പർ രശീത് പുസ്തകത്തിലെ 34,35 എന്നീ നമ്പർ പ്രകാരമുള്ള രശീതികളിലെ ടെണ്ടർ ഫോറം വിൽപ്പന ഇനത്തിൽ ലഭിച്ച തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതിന്റെ രശിത് ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/13.11.20 ന് ലഭ്യമാക്കിയ മറുപടിയിൽ 30.01.2019 തീയതിയിലെ രസീതി നമ്പർ 118010105368 പ്രകാരം തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

രശീതി പ്രകാരമുള്ള വരവുകൾ നിർബന്ധമായും കളക്ഷൻ രജിസ്റ്ററിൽ ചേർക്കേണ്ടതും അതാത് ദിവസം ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാനുവൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-14 അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. തനത് ഫണ്ടിൽ നിന്നും വിവിധ മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പിനായി ആകെ 16,22,053 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ എ.ഇ.ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഈ തുകകൾ ഒന്നും തന്നെ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. ട്രഷറി ബിൽ പ്രകാരമുള്ള തുകകൾ ചേർത്തിട്ടുണ്ടെങ്കിലും പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ചില തുകകൾ രണ്ട് പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ: പ്രവാസി റോഡ് റീടാറിങ്,ബിൽ നമ്പർ 28/29.12.2018 തുക 246479/- . നിശ്ചിത മാതൃകയിലുള്ള ക്യാഷ്

ബുക്കല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. മുൻബാക്കി, വരവുകൾ, ചെലവുകൾ, നീക്കിബാക്കി എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതും നിശ്ചിത മാതൃകയിൽ ശരിയായ രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 ഫാക്ടിയോസ് ലൈസൻസ് - ചട്ട പ്രകാരം നടപടികൾ സ്വീകരിക്കണം

എ)കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തിലെ ഭൂരിഭാഗം ലൈസൻസ് അപേക്ഷകളിലും 100 അല്ലെങ്കിൽ 200 രൂപയാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിരിക്കുന്നത്.31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ചട്ട പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ, കള്ള് ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്ന് പ്രകാരം റേഷൻകടകൾക്കും കള്ള്_ഷോപ്പുകൾക്കും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും കള്ള് ഷോപ്പുകളും ലൈസൻസ് എടുത്തിട്ടില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(സി) ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ_നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല . മേൽ അപാകത പരിഹരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി വരവ് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1)(ii) പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് പഞ്ചായത്ത് പ്രദേശത്തോ, അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ആളും ആകെ കൂടി 60 ദിവസത്തിൽ

കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് മുതൽ മുടക്കുകളിൽ നിന്നും ആദായം ലഭിക്കുന്ന ആളും ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | KNAD Health Redemption |
| 2 | മിലൂ ഡയബറ്റിക്ക് സെന്റർ |
| 3 | സുധമ ക്ലിനിക്കൽ ലാബോറട്ടറി |
| 4 | മെഡി പ്ലാസ ഹൈടെക്ക് മെഡിക്കൽ ലാബോറട്ടറി |
| 5 | ഹണി ഹെൽത്ത് കെയർ |
| 6 | ഫാബ്സ് ഡെന്റൽ ക്ലിനിക്ക് |
| 7 | I DENT ഓറൽ കെയർ |
| 8 | സഫാ ട്രേഡേഴ്സ് (കെട്ടിട നം 10/429) |
| 9 | ന്യൂ സെഞ്ചുറി മെറ്റൽസ് (10/638) |
| 10 | എവീസ് മെഡിക്കൽസ് (6/135) |
| 11 | തണ്ണീർക്കോട് ക്ഷീരോൽപാദക സഹകരണ സംഘം(1/530) |
| 12 | വുഡ് ലാന്റ് സോ മിൽ (7/342) |
| 13 | അൽമാസ് ഇൻഡേൻ സർവ്വീസസ് (9/306) |
| 14 | നിസാർ സോ മിൽ (2/222) |
| 15 | എഷ്യൻ സ്റ്റീൽസ് (2/259) |
| 16 | ഇ വിസോ മിൽ (6/480) |
| 17 | ജി എം ട്രേഡിംഗ് കമ്പനി(8/230) |
| 18 | ടെക്ക്നോ വുഡ് (10/97) |
| 19 | ചാലിശ്ശേരി SCB – വളം ഡിപ്പോ |
| 20 | ഗ്രാന്റ് സൂപ്പർ മാർക്കറ്റ് (14/79) |
| 21 | സലീം സോ മിൽ (10/561) |
| 22 | മാരാത്ത് എന്റർപ്രൈസസ് & ക്രഷർ പ്രൈ . ലിമിറ്റഡ് (2/462) |
| 23 | ഗ്ലോബ് ഫൂട് വെയർ ഏജൻസീസ് (10/400) |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയോ, ജീവനക്കാരുടെ തൊഴിൽ നികുതിയോ ഡിമാന്റ് ചെയ്ത് ഈടാക്കിട്ടില്ല. റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്വകാര്യ പണമിടപാട് - ചിട്ടി നടത്തിപ്പ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചാലിശ്ശേരി വില്ലേജ് ഓഫീസിന്റെ 2018-19 ഒന്നാം അർധ വർഷത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ പ്രകാരം ശ്രീ.ശശികുമാർ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ തൊഴിൽ നികുതി മാത്രമേ അടവാക്കിയിട്ടുള്ളൂ. വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റുമാർ എന്നിവരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. 1.4.18 മുതൽ 30.9.2018 വരെയുള്ള കാലയളവിൽ ചാലിശ്ശേരി വില്ലേജ് ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്ന എല്ലാ ജീവനക്കാരുടെയും തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം

2018-19 വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന ലൈസൻസികൾക്ക് മത്സ്യ/ഇറച്ചിക്കടകൾ നടത്തുവാൻ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ലൈസൻസിയുടെ പേര് | കെട്ടിട നം |
|---|---|---|
| 1 | കുഞ്ഞിമുഹമ്മദ് | 3/389 |
| 2 | അഷറഫ് | 13/43 |
| 3 | മുഹമ്മദ് | 13/40 |

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.

കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-19 അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 21800120/11.05.2018 | 2500.00 | കിസാൻ മേളക്ക് സംഭാവന- കൃഷി അസി. ഡയറക്ടർക്ക് നൽകിയ തുക |
| 21800201/07.06.2018 | 5000.00 | കുഞ്ചൻ നമ്പ്യാർ ദിനാഘോഷം - സംഭാവന |

അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.അസാധാരണചെലവിൽ ഉൾപ്പെടുന്ന ഇനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും നിയമാനുസൃത പരിധി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ചാർജ് 1250 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ ഈടാക്കേണ്ടതാണ്

ചാലിശ്ശേരി ഗ്രാമപഞ്ചായത്തിലെ ഓഫീസ് ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനു വേണ്ടി ശ്രീ രാമചന്ദ്രൻ CA, സൂര്യകിരൺ, കോളേജ് റോഡ് പാലക്കാട് എന്ന വ്യക്തിക്ക് വൗച്ചർ നമ്പർ 2180075/27.04.18, പ്രകാരം 1250 രൂപ നൽകിയിട്ടുണ്ട്. ഈ ചെലവ് തനത് ഫണ്ടിൽ നിന്നും അനുവദനീയമല്ലാത്തതിനാൽ തുക ചെലവഴിച്ച സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-21 തുല്യത പഠന പ്രൊജക്ട്- നിർവ്വഹണം ക്രമപ്രകാരമല്ല

പ്രൊജക്ട് നമ്പർ - 039/19 – തുല്യത പരീക്ഷ

അടങ്കൽ - 70000/-( തനത് ഫണ്ട് )

ചെലവ്- 46550 /- (വൗച്ചർ നം 21800558/18-19തീയ്യതി-4.10.18 രൂ. 27300/- +വൗച്ചർ നം 21800559/18-19തീയ്യതി-4.10.18 രൂ. 19250.00 )

നിർവഹണം-ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് , ചാലിശ്ശേരി

മേൽ പ്രൊജക്ട് പ്രകാരം എസ് എസ് എൽ സി തുല്യത പരീക്ഷക്ക് 11 പഠിതാക്കൾക്ക് 1750.00 രൂപ നിരക്കിൽ 37000/- രൂപയും ഹയർ സെക്കണ്ടറി തുല്യത പരീക്ഷക്ക് 14 പഠിതാക്കൾക്ക് 1950.00 രൂപ നിരക്കിൽ 27300/- രൂപയും കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

(എ) സർക്കുലർ നമ്പർ 48360 / എഫ്.എം.1 / 2009 ത .സ്വ.ഭ.വ. തീയ്യതി- 06-10-2009ൽ, പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ട്യൂഷൻ ഫീസും മറ്റ് ചെലവുകളും പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഹിക്കുമെന്നും അതിനാൽ അവരുടെ ഈയിനത്തിലെ ചെലവുകൾ തദ്ദേശ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ പട്ടികയിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾ ഇല്ലെന്ന് ഉറപ്പ് വരുത്തുണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ചുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല.

(ബി) ട്യൂഷൻ ഫീസ് അനുവദിച്ച പഠിതാക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾ ടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ) പരിശോധനക്ക് ഹാജരാക്കിയില്ല.

ഭാവിയിൽ സർക്കാർ ഉത്തരവുകൾക്കും,പദ്ധതി - സബ് സിഡി മാർഗ്ഗരേഖകൾക്കും അനുസൃതമായി ട്യൂഷൻ പഠന പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നമ്പർ 3 തീയതി 13.11.2020-ന് മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ പിന്നീട് ഹാജരാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-22 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 3411680 രൂപ തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ (ക്യാഷ് ബുക്ക്, ബിൽ, രജിസ്റ്റർ ) ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയ്യതി | പ്രൊജക്ട് | തുക |
|---|---|---|---|---|
| 1 | 1/18-19 | 18.5.18 | വീട് റിപ്പയർ (ജനറൽ) | 45000 |
| 2 | 2/18-19 | 18.5.18 | വീട് റിപ്പയർ (ജനറൽ) | 15000 |
| 3 | 3/18-19 | 18.5.18 | വീട് റിപ്പയർ (എസ്.സി.പി) | 62500 |
| 4 | 4/18-19 | 18.5.18 | വീട് റിപ്പയർ (ജനറൽ) | 7500 |
| 5 | 5/18-19 | 18.5.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 50000 |
| 6 | 6/18-19 | /31.5.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 150000 |
| 7 | 7/18-19 | 19.6.18 | വീട് റിപ്പയർ (എസ്.സി.പി) | 12500 |
| 8 | 8/18-19 | 19.6.18 | വീട് റിപ്പയർ (ജനറൽ) | 7500 |
| 9 | 9/18-19 | 19.6.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 150000 |
| 10 | 10/18-19 | 19.6.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 50000 |
| 11 | 11/18-19 | 10.7.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 100000 |
| 12 | 12/18-19 | 10.7.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 15000 |
| 13 | 13/18-19 | 10.7.18 | വീട് റിപ്പയർ (ജനറൽ) | 7500 |
| 14 | 14/18-19 | 10.7.18 | വീട് റിപ്പയർ (എസ്.സി.പി) | 12500 |
| 15 | 15/18-19 | 23.7.18 | വീട് റിപ്പയർ (എസ്.സി.പി) | 100000 |
| 16 | 16/18-19 | 23.7.18 | വീട് റിപ്പയർ (എസ്.സി.പി) | 37500 |
| 17 | 17/18-19 | 23.7.18 | വീട് റിപ്പയർ (എസ്.സി.പി) | 15000 |
| 18 | 18/18-19 | 31.7.18 | വീട് റിപ്പയർ (എസ്.സി.പി) | 37500 |
| 19 | 19/18-19 | 31.7.18 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം | 45000 |
| 20 | 20/18-19 | 13.8.18 | ലൈഫ് മിഷൻ-വിഹിതം -എസ്.സി | 11680 |
| 21 | 21/18-19 | 13.8.18 | ലൈഫ് മിഷൻ-ജനറൽ | 520000 |
| 22 | 22/18-19 | 30.8.18 | ലൈഫ് മിഷൻ-ജനറൽ | 480000 |
| 23 | 23/18-19 | 12.9.18 | ലൈഫ് മിഷൻ-ജനറൽ | 760000 |
| 24 | 25/18-19 | 25.9.18 | ലൈഫ് മിഷൻ-ജനറൽ | 640000 |
| 25 | 26/18-19 | 25.9.18 | ലൈഫ് മിഷൻ-എസ്.സി | 40000 |
| 26 | 27/18-19 | 25.9.18 | ലൈഫ് മിഷൻ-ജനറൽ | 40000 |
| ആകെ | | | | 3411680 |

രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (6/17.11.20) നൽകിയെങ്കിലും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3411680 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 നിർവഹണോദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ- ICDS സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ കൈമാറിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ S0051/19 പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 89400 രൂപ വിനിയോഗിച്ച്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവഹണോദ്യോഗസ്ഥർക്ക് കൈമാറുന്നതിന് വേണ്ടി രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഇവയിലൊരെണ്ണം വി.ഇ.ഒയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും രണ്ടാമത്തേത് ഐസി.ഡി.എസ് സൂപ്പർവൈസർക്ക് കൈമാറാതെ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

റോഡിതര സംരക്ഷണ ഗ്രാന്റ് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും, അവ നൽകുന്ന സേവനങ്ങളുടെ ക്വാളിറ്റി വർധിപ്പിക്കുന്നതിനും വിനിയോഗിക്കേണ്ടതാണെന്ന് സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങളിൽ ആവർത്തിച്ച് പറയുന്നതാണ്. വനിതകളുടേയും ശിശുക്കളുടേയും സർവതോന്മുഖമായ വികസനത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ഒരു കാര്യാലയത്തിന് ഡാറ്റാ ശേഖരണം, അവയുടെ സൂക്ഷിപ്പ്, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ അത്യാവശ്യമാണെന്നിരിക്കെ അത് കൈമാറാതിരിക്കുന്നത് ഉചിതമല്ല. ആയതിനാൽ ഐ.സി.ഡി.എസ് കാര്യാലയത്തിനു വേണ്ടി വാങ്ങിയ പ്രസ്തുത ഉപകരണം എത്രയും വേഗം കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ - രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളുടെ രജിസ്ട്രേഷൻ, തുടർ നടപടികൾ എന്നിവയുടെ നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമല്ല. വിവിധ പെൻഷൻ പദ്ധതികൾക്കു ലഭിക്കുന്ന അപേക്ഷകൾ ഓരേ രജിസ്റ്ററിൽ പല ഭാഗത്തായി രേഖപ്പെടുത്തിയിരിക്കുന്നതായി ഇവയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടു. അപേക്ഷകരുടെ പേരും വിലാസവും രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവ അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറിയതീയ്യതി, തിരികെക്കിട്ടിയ തീയ്യതി, അപേക്ഷകൾ നിരസിക്കപ്പെടുന്ന പക്ഷം ആയതിനുള്ള കാരണങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി - ഭരണ സമിതി എന്നിവ അംഗീകരിച്ച തീയ്യതി എന്നിവയൊന്നും രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ സംഗ്രഹം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദേശം

(1) അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്ന തീയ്യതി, തിരികെ ലഭിക്കുന്ന തീയ്യതി, നിരസിക്കപ്പെട്ടാൽ ആയതിന്റെ വ്യക്തമായ കാരണം എന്നി രജിസ്റ്ററിൽ രേഖപ്പെടുത്തണം.

(2) അപേക്ഷ നിരസിക്കപ്പെടുന്ന പക്ഷം ആയത് അപേക്ഷകനെ രേഖാമൂലം അറിയിക്കണം.

(3) സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുകയും പെൻഷൻ ലഭ്യമാക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തുകയും ചെയ്യുക.

(4) ഓരോ പെൻഷനും ലഭിച്ച അപേക്ഷകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം.

## 1-25 എസ്റ്റിമേറ്റ്, വർക്ക് ബിൽ എന്നിവ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 14/19 പ്രകാരം നടപ്പാക്കിയ നമ്പർ 78 അങ്കണവാടി റിപ്പയർ എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 38708/- രൂപ ചെക്ക് നമ്പർ 2648639/5.9.2018 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വർക്ക് ബിൽ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/19.11.2020 പ്രകാരം ആവശ്യപ്പെട്ടതിന് ആയത് അടിയന്തിരമായി ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവ് തുക 38708 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-26 റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ റോഡ് പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തിയ ഡാറ്റ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനു ശേഷം ബിൽ അനുവദിക്കുമ്പോൾ ഉപയോഗിച്ച ബിറ്റുമിന്റെ ബാരലിന്റെ വില (ഒന്നിന് 250 രൂപ + ജി.എസ്.ടി) കുറവു ചെയ്യേണ്ടതുണ്ട്.എന്നാൽ താഴെ പറയുന്ന റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയതായി കാണുന്നില്ല.(ഉപയോഗിച്ച ബാരലുകളുടെ എണ്ണം അളവു പുസ്തകത്തിൽ എഴുതിയതു പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്.)

താഴെ പറയുന്ന റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയതായി കാണുന്നില്ല. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.)

## 1-27 പൊതുമരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി കോംപൻസേഷൻ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 144/19 പ്രകാരം തനത് ഫണ്ടിൽ നിന്നും 349440 വകയിരുത്തി ചെക്ക് നമ്പർ 2648619/12.7.2018 പ്രകാരം 150097 രൂപ ചെലവഴിച്ച "പൊതുമരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടി കോംപൻസേഷൻ "എന്ന പ്രവൃത്തിയിൽ ജി.എസ്.ടി.കോംപൻസേഷൻ അനുവദിക്കപ്പെട്ട കരാറുകാരുടെ പേര് വിവരം, തുക, പ്രോജക്ടുകളുടെ വിവരം, ഓരോ പ്രോജക്ടിനും അനുവദിക്കപ്പെട്ട ജി.എസ്.ടി കോംപൻസേഷൻ തുക എന്നീ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 19/ പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ വിവരങ്ങളും ബന്ധപ്പെട്ട പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളും ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 150097 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 റോഡ് റീടാറിങ്ങ് പ്രവൃത്തി - കരാറുകാരന് അധിക തുക നൽകി

താഴെ പറയുന്ന റോഡ് റീടാറിങ്ങ് പ്രവൃത്തിക്ക് കരാറുകാരന് അർഹതയുള്ളതിനേക്കാൾ കൂടുതൽ തുക നൽകിയിട്ടുണ്ട്.

പ്രോ.നമ്പർ - 150/19 – തുറ പടാട്ടുകുന്ന് റോഡ് റീടാറിങ്ങ് (വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട് )

## 1-29 ടെണ്ടർ കുറവ് ഈടാക്കിയില്ല - 32473/- രൂപ നഷ്ടം

താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെണ്ടർ കുറവ് തുക ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോ.നമ്പർ - 83/19 – ചോല റോഡ് കോൺക്രീറ്റിങ്ങ് (വിശദ വിവരം ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്)

## 1-30 പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രോജക്ട് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, ന്യായമായ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുവാനുള്ള അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 1.2.2012 പ്രകാരം പുതുക്കിയത്) സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലവധി ആദ്യ തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ 6 മാസമോ ഏതാണ് കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതുമല്ല. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ ആദ്യ തവണ PAC-യുടെ 1 ശതമാനവും അടുത്ത തവണ 2 ശതമാനവുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകിയതിനുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-4 ആയി ചേർത്തിട്ടുണ്ട്.

## 1-31 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അസി.എഞ്ചിനീയറുടെ ഓഫീസിൽ ഉപയോഗിക്കുന്ന ടെൻഡർ ഫോമുകളുടെയും, എം ബുക്കുകളുടെയും സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ ടെൻഡർ ഫോമുകളുടെ വിൽപനയിനത്തിൽ ലഭിച്ച തുകയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ടെൻഡർ ഫോമുകളുടെയും, എം ബുക്കുകളുടെയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-32 വെറ്ററിനറി സർജ്ജൻ -പ്രൊജക്ട് നിർവ്വഹണ അവലോകനം

1) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രൊജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (24)

അടങ്കൽ - 1250000 (പ്ലാൻ -312500, സംസ്ഥാനാവിഷ്കൃത ഫണ്ട്-312500, ഗു.വി- 625000)

ചെലവ് – ബിൽ നമ്പർ- 2/27.11.18- 312500 രൂപ

കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം 312500രൂപ പ്ലാൻ - ഫണ്ടിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡിന്റെ (പാലക്കാട്) അക്കൗണ്ടിലേക്ക് (714021400000008) നൽകിയിട്ടുണ്ട്. പദ്ധതിക്കായി 50 പേർക്കുള്ള തുകയാണ് 2018-19 വർഷം നൽകിയിട്ടുള്ളത്. ഈ പദ്ധതിക്കായി 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് 32 മാസം വരെ സൗജന്യനിരക്കിൽ കാലിതീറ്റ നൽകുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം.

പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

2) ക്യാഷ്ബുക്ക് ടി.ആർ.7 എ യിൽ എഴുതിയിട്ടില്ല

ജി.ഒ.(പി)177/2006 ധനം 12.4.2006, ജി.ഓ.(പി) 119/2015ധനം 21.3.2015 എന്നിവ പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ.7-എ കാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ടി.ആർ.7-എ കാഷ്ബുക്കിൽ പ്ലാൻഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഉത്തരവിലെ നിർദ്ദേശ പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ലൈഫ് മിഷൻ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ

- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 42ഉം എസ്.സി വിഭാഗത്തിൽ 3ഉം ഗുണഭോക്താവുമാണുള്ളത്. ആയതിൽ ആകെ 39 (38+1) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (32/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2450200 | 2450200 |
| ബ്ലോക്ക് പഞ്ചായത്ത് | 619892 | 619892 |
| ജില്ലാ പഞ്ചായത്ത് | 315337 | 315337 |
| മറ്റിനം(വായ്പ്പ) | 5980000 | 5980000 |
| തനത് ഫണ്ട് | 49800 | 49800 |
| ആകെ | 9415229 | 9415229 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| I | 39 |
| II | 39 |
| III | 10 |

ജനറൽ വിഭാഗത്തിലെ 215 ഗുണഭോക്താക്കളിൽ 127 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള 88 പേർ നാളിതു വരെയും പണി പൂർത്തീകരിച്ചിട്ടില്ല.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 33/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1988600 | 771680 |
| ബ്ലോക്ക് പഞ്ചായത്ത് | | |
| ജില്ലാ പഞ്ചായത്ത് | | |
| മറ്റിനം(വായ്പ്പ) | | |
| ആകെ | 1988600 | 771680 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 1 | 40000 | 40000 |
| II | 1 | 160000 | 160000 |
| III | 1 | 100000 | 100000 |

471680 രൂപ ലൈഫ് ഫേസ് 1 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതാണ്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 5980000 രൂപ ഹഡ്കോയിൽ നിന്ന KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ ചാലിശ്ശേരി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (57063342097)നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്.വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സമാഹരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

എ) അങ്കണവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട് ലഭ്യമാകുന്നില്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച്

പരിശോധനക്ക് വിധേയമാക്കുവാനും ICDS.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഇതേ നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഭക്ഷ്യ മിശ്രിതം തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും, സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചാലിശ്ശേരി ഗ്രാമ പഞ്ചായത്തിൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതത്തിന്റെ സാമ്പിളുകൾ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല എന്ന് കണ്ടെത്തി. 2018-19 സാമ്പത്തിക വർഷത്തിൽ 2 തവണ മാത്രമാണ് ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിക്കകം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)<u>അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല</u>

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൺവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൺവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം ഗ്രാമപഞ്ചായത്തിലെ അംഗൺവാടികളിൽ 2018-19ൽ നടന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/18.11.20) ചില സെന്ററുകൾ പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൺവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ച ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്

സി) <u>അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- കേന്ദ്ര ഫണ്ട് പ്രയോജനപ്പെടുത്തേണ്ടതാണ്</u>
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ച കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിശദാംശങ്ങൾ.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 25 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 2<br>കരിമ്പ<br>മുക്കിലപീടിക |
| 3 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 1<br>കുന്നത്ത്പറമ്പ് |
| 4 | ഫാൻ ഇല്ലാത്തവ | 1<br>കുന്നത്ത്പറമ്പ് |
| 5 | ബേബി ഫ്രണ്ടലി ടോയ്‌ലറ്റ് ഇല്ലാത്തവ | 23 |
| 6 | ചുറ്റ് മതിൽ ഇല്ലാത്തവ | 6 |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 2 |

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ ₹ 653724രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.(2018-19 ലെ ബാലൻസ് ഷീറ്റ് പ്രകാരം) ടി തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനുമായി വിനിയോഗിക്കാവുന്നതാണ്. ആയതിന്മേൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഡി)ഓഡിറ്റ് നിർദ്ദേശങ്ങൾ.</u>
ജി.ഒ. (എം.എസ്.) 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരവും സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരവും സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.
2)വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയ്ന്റിംഗ്

നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3)സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
ഈ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അങ്കണവാടികളിലെ പോരായ്മകൾ പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലി ബാരലിന്റെ വില ഈടാക്കിയില്ല

ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ റോഡ് പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തിയ ഡാറ്റ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനു ശേഷം ബിൽ അനുവദിക്കുമ്പോൾ ഉപയോഗിച്ച ബിറ്റുമിന്റെ ബാരലിന്റെ വില (ഒന്നിന് 250 രൂപ + ജി.എസ്.ടി) കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയതായി കാണുന്നില്ല.(ഉപയോഗിച്ച ബാരലുകളുടെ എണ്ണം അളവു പുസ്തകത്തിൽ എഴുതിയതു പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്.)

1. പ്രോ.നമ്പർ - 110/19 പാലിയേറ്റീവ് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്

അടങ്കൽ 490000/- എം എഫ് (റോഡ്)

ചെലവ് 462524/-

ട്രഷറി ബിൽ നമ്പർ - 2/18.5.18

കരാറുകാരൻ - എ).എം.ഷഫീക്ക്

എം.ബി.നമ്പർ - 45/17-18, 47/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 10

2. പ്രോ.നമ്പർ - 127/19 ശ്രീശാസ്താ കോവിൽ റോഡ് റീടാറിങ്ങ്

അടങ്കൽ 490000/- എം എഫ് (റോഡ്)

ചെലവ് 490000/-

ട്രഷറി ബിൽ നമ്പർ - 5/25.6.2018

കരാറുകാരൻ - ടി.ഉണ്ണിമോൻ

എം.ബി.നമ്പർ - 43/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 23

3. പ്രോ.നമ്പർ - 141/19 മൗലാനാ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്

അടങ്കൽ 306000 എം എഫ് (റോഡ്)

ചെലവ് 288492/-

ട്രഷറി ബിൽ നമ്പർ - 6/25.6.18

കരാറുകാരൻ - എ.എം.ഷഫീക്ക്

എം.ബി.നമ്പർ - 35/17-18, 44/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 5

4. പ്രോ.നമ്പർ 145/19 – കമ്മങ്ങാട്ട് കോട്ട റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്

അടങ്കൽ 233000/- എം എഫ് (റോഡ്)

ചെലവ് - 231080

ട്രഷറി ബിൽ നമ്പർ - 7/25.6.2018

കരാറുകാരൻ - കെ.ബാലൻ

എം.ബി.നമ്പർ - 54/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 8

5. പ്രോ.നമ്പർ 134/19 – കോവിൽ അമ്പലം റോഡ് തുടർച്ച കവുക്കോട് റോഡ് റീ ടാറിങ്ങ്

അടങ്കൽ 768000/- എം എഫ് (റോഡ്)

ചെലവ് - 730652/-

ട്രഷറി ബിൽ നമ്പർ - 9/30.7.18

കരാറുകാരൻ - എ.എം.ഷഫീക്ക്

എം.ബി.നമ്പർ - 61/17-18, 68/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 12

6. പ്രോ.നമ്പർ - 132/19 – കുണ്ടുപറമ്പ് നമ്മളിപറമ്പ് റോഡ് റീടാറിങ്ങ്

അടങ്കൽ 400000/- എം എഫ് (റോഡ്)

ചെലവ് 388004/-

ട്രഷറി ബിൽ നമ്പർ - 15/30.11.18

കരാറുകാരൻ - അബ്ദുൾ നിസാർ

എം.ബി.നമ്പർ - 62/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 20

7. പ്രോ.നമ്പർ - 143/19 -- ചാലിശ്ശേരി കോട്ട റോഡ് റീടാറിങ്ങ്

അടങ്കൽ 490000/- എം എഫ് (റോഡ്)

ചെലവ് 462524/-

ട്രഷറി ബിൽ നമ്പർ - 8/25.6.2018

കരാറുകാരൻ - കെ.ബാലൻ

എം.ബി.നമ്പർ - 55/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 23

8. പ്രോ.നമ്പർ 135/19 – കിഴക്കേ പട്ടിശ്ശേരി പുതുശ്ശേരി റോഡ് റീടാറിങ്ങ്

അടങ്കൽ 400000/- എം എഫ് (റോഡ്)

ചെലവ് - 377291/-

ട്രഷറി ബിൽ നമ്പർ - 23/29-12-18

കരാറുകാരൻ - എം.വി.അച്യുതൻകുട്ടി

എം.ബി.നമ്പർ - 36/2017-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 20

9. പ്രോ.നമ്പർ - 63/19 – മില്ല് - കൊട്ടപ്പാടം റോഡ് റീടാറിങ്ങ്

അടങ്കൽ - 300000/- എം എഫ് (റോഡ്)

ചെലവ് - 299945/-

ട്രഷറി ബിൽ നമ്പർ - 34/20.3.19

കരാറുകാരൻ - എ.എം.ഷഫീക്ക്

എം.ബി.നമ്പർ - 39/2018-19

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 17

10. പ്രോ.നമ്പർ - 84/19 – കിണർ പുളികുളം റോഡ് റീടാറിങ്ങ്

അടങ്കൽ 384000/- എം എഫ് (റോഡ്)

ചെലവ് 383748/-

ട്രഷറി ബിൽ നമ്പർ - 35/20.3.2019

കരാറുകാരൻ - എ.എം.ഷഫീക്ക്

എം.ബി.നമ്പർ - 38/2018-19

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 23

11. പ്രോജക്ട് നമ്പർ 60/19 – നരിമട റോഡ് റീ ടാറിങ്ങ്

അടങ്കൽ 400000/- എം എഫ് (റോഡ്)

ചെലവ് 384386/-

ട്രഷറി ബിൽ നമ്പർ - 30/21-2-2019

കരാറുകാരൻ - ടി.സുരേന്ദ്രൻ

എം.ബി.നമ്പർ - 9/2018-19, 16/18-19

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 20

12. പ്രോജക്ട് നമ്പർ 133/19 – പ്രവാസി റോഡ് റീ ടാറിങ്ങ്

അടങ്കൽ 490000/- എം എഫ് (റോഡ്)

ചെലവ് - 246479/-

ട്രഷറി ബിൽ നമ്പർ - 28/29-12-2018

കരാറുകാരൻ - അബ്ദുൾ നിസാർ

എം.ബി.നമ്പർ - 56/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 6

13. പ്രോജക്ട് നമ്പർ 114/19 – ഇടയത്തുവളപ്പിൽ റോഡ് മെറ്റലിങ്ങ് ടാറിങ്ങ്

അടങ്കൽ 490000/- എം എഫ് (റോഡ്)

ചെലവ് - 465873/-

ട്രഷറി ബിൽ നമ്പർ - 1/18.5.2018

കരാറുകാരൻ - എ.എം.ഷെഫീക്ക്

എം.ബി.നമ്പർ - 32/17-18

ആകെ ഉപയോഗിച്ച ബാരലുകളുടെ എണ്ണം - 11

മുകളിൽ പറഞ്ഞ പ്രകാരം ആകെ 198 കാലി ബാരലുകളുടെ വിലയായ 49500 രൂപയും അതിന്റെ ജി.എസ്.ടി യും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 8/ 18.11.2020 -ന് മറുപടിയായി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 റോഡ് റീ ടാറിങ്ങ് പ്രവൃത്തി - കരാറുകാരന് അധികം തുക നൽകി

താഴെ പറയുന്ന റോഡ് റീടാറിങ്ങ് പ്രവൃത്തിക്ക് കരാറുകാരന് അർഹതയുള്ളതിനേക്കാൾ കൂടുതൽ തുക നൽകിയിട്ടുണ്ട്.

പ്രോ.നമ്പർ - 150/19 – തുറ പടാട്ടുകുന്ന് റോഡ് റീടാറിങ്ങ്

അടങ്കൽ - 490000/- (തനത് ഫണ്ട്)

ചെലവ് - 490000/-

കരാറുകാരൻ - ടി.സുരേന്ദ്രൻ

എംബി നമ്പർ - 39/17-18

എഗ്രിമെന്റ് നമ്പർ - 27/AE/LSGD/CHY/16-17 dt.4.3.2017

ടെണ്ടർ കുറവ് - 0.5%

ആകെ പ്രവൃത്തി മൂല്യം - 488710 – 2444 = 486266
ടെണ്ടർ കുറവ് – 2444

ആകെ ഈടാക്കിയ റിക്കവറികൾ - IT 4863, KCWWF- 4863 ആകെ - 9726

കരാറുകാരന് നൽകിയ തുക –480226/-

ടെണ്ടർ കുറവിന ശേഷം കരാറുകാരന് നൽകേണ്ടിയിരുന്ന തുക = 488710 -12170(4863+4863+2444) = 476540

അധികം നൽകിയ തുക –3686/-

മേൽപറഞ്ഞ പ്രകാരം അധികം തുക നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 17/19-11-2020-ന് മറുപടിയായി അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകി 3686 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ടെണ്ടർ കുറവ് ഈടാക്കിയില്ല

താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെണ്ടർ കുറവ് തുക ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോ.നമ്പർ - 83/19 – ചോല റോഡ് കോൺക്രീറ്റിങ്ങ്

അടങ്കൽ - 200000/- (തനത് ഫണ്ട്)

ചെലവ് - 199377/-

കരാറുകാരൻ - എം.അബ്ദുൾ നിസാർ

എംബി നമ്പർ - 16/18-19

എഗ്രിമെൻ്റ് നമ്പർ - 21/AE/LSGD/CHY/18-19 dt.29.9.2018

ടെണ്ടർ കുറവ് - 16.5%

ആകെ പ്രവൃത്തി മൂല്യം - 199377-32897 = 166480

ഈടാക്കേണ്ട റിക്കവറികൾ - IT 1665, KCWWF- 1665 ആകെ - 3330

കരാറുകാരന് നൽകിയ തുക –195389/-

ടെണ്ടർ കുറവിനു ശേഷം കരാറുകാരന് നൽകേണ്ടിയിരുന്ന തുക = 166480 – 3330 = 163150

അധികം നൽകിയ തുക –32,239/-

2.പ്രോ.നമ്പർ - 133/19 – പ്രവാസി റോഡ് റീടാറിങ്ങ് 2017-18

അടങ്കൽ - 490000/-മെയിൻ്റനൻസ് ഫണ്ട് റോഡ്

ചെലവ് - 246479/-

ട്രഷറി ബിൽ നമ്പർ - 28/29-12-2018

കരാറുകാരൻ - അബ്ദുൾ നിസാർ

എംബി നമ്പർ - 56/17-18

ടെണ്ടർ കുറവ് - 0.1%

ആകെ പ്രവൃത്തി മൂല്യം - 246479 – 246 = 246233

ഈടാക്കേണ്ട റിക്കവറികൾ 4% - 9848

കരാറുകാരന് നൽകിയ തുക – 236619/-

ടെണ്ടർ കുറവിനു ശേഷം കരാറുകാരന് നൽകേണ്ടിയിരുന്ന തുക – 236385

അധികം നൽകിയ തുക – 234/-
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/18-11-2020, 14/19-11-2020 എന്നിവയ്ക്ക് മറുപടിയായി അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രകാരം ആകെ 32473രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രോജക്ട് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, ന്യായമായ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുവാനുള്ള അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി) 13/2012/പി.ഡബ്ളിയു.ഡി. തീയതി 1.2.2012 പ്രകാരം പുതുക്കിയത്) സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലവധി ആദ്യ തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ 6 മാസമോ ഏതാണ് കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമല്ല.കാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ ആദ്യ തവണ കരാർ തുകയുടെ 1 ശതമാനവും അടുത്ത തവണ 2 ശതമാനവുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകിയതിനുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോ.നമ്പർ - 113/19 – കോലഴി കുടിവെള്ള പദ്ധതി 2017-18

അടങ്കൽ - 490000/- (വികസനഫണ്ട് SCP)

ചെലവ് 332781/- ട്രഷറി ബിൽ നമ്പർ 3/18.5.2018, 37/23.3.19

PAC – 332781/-

എം.ബി.നമ്പർ 42/17-18

കരാറുകാരൻ - പി.മോഹനൻ

എഗ്രിമെന്റ് നമ്പർ - 24/AE/LSGD/CHY/17-18 തീയതി 09.02.2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 24.11.2018

പ്രോജക്ട് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി - 31.3.2018

വൈകിയത് - 7 മാസം 24 ദിവസം

ഈടാക്കേണ്ട പിഴ –ആദ്യ തവണ 1% x 332781 = 3328

അടുത്ത തവണ 2% x 332781 = 6656

ആകെ - 9984 രൂപ

2. പ്രോ.നമ്പർ -135/19 –കിഴക്കേ പട്ടിശ്ശേരി പുതുശ്ശേരി റോഡ് റീ ടാറിങ്ങ് 17-18

അടങ്കൽ - 400000/- മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് 377291/- ട്രഷറി ബിൽ നമ്പർ 23/29-12-2018

PAC – 377291/-

എം.ബി.നമ്പർ 36/17-18

കരാറുകാരൻ - എം.വി.അച്യുതൻകുട്ടി

എഗ്രിമെന്റ് നമ്പർ - 13/AE/LSGD/CHY/17-18 തീയതി 12.12.2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 22.12.2018

പ്രോജക്ട് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി - 31.3.2018

വൈകിയത് - 8മാസം 22 ദിവസം

ഈടാക്കേണ്ട പിഴ –ആദ്യതവണ 1% x 377291 = 3773

അടുത്ത തവണ 2% x 377291 = 7546

ആകെ 11319 രൂപ

3.പ്രോ.നമ്പർ -150/19 –ഇറ പടാട്ടുകുന്ന് റോഡ് റീ ടാറിങ്ങ്

അടങ്കൽ - 490000/- തനത് ഫണ്ട്

ചെലവ് 490000/- ചെക്ക് നമ്പർ – 2648618/12.7.2018

PAC – 490000/-

എം.ബി.നമ്പർ 39/17-18

കരാറുകാരൻ - ടി സുരേന്ദ്രൻ

എഗ്രിമെന്റ് നമ്പർ - 27/AE/LSGD/CHY/16-17 തീയതി 04-03-2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 13-03-2018

പ്രോജക്ട് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി - 04-07-2017 (4 മാസം)

വൈകിയത് - 8മാസം 9ദിവസം

ഈടാക്കേണ്ട പിഴ –ആദ്യ തവണ 1% x 490000 = 4900

അടുത്ത തവണ 2% x 490000 = 9800

ആകെ 14700 രൂപ
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/18.11.2020-ന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ 3 പ്രവൃത്തികളിൽ നിന്നുമായി ആകെ 36003 രൂപ പിഴയിനത്തിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 159042 | ലൈഫ് ഭവനപദ്ധതി എസ്.സി. | 0 | 159042 |
| | | 619892 | ലൈഫ് ഭവന പദ്ധതി ജനറൽ | 619892 | 0 |
| | | 191783 | ഉഴവുകൂലി 2018-19 | 191783 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1315337 | ലൈഫ് ഭവന പദ്ധതി ജനറൽ | 315337 | 1000000 |
| | | 660000 | ഉഴവുകൂലി 2018-19 | 660000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5980000രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം | KURDFC/A2/161/08/24.7.2010 | 1736000 | 99699 | 99699 | 3178 | 0 |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 dt. 18.5.2018 | 5980000 | 0 | 0 | 0 | 5980000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | SBI Chalissery | 18/01/2019 | 1 വർഷം | 5000000 | 6.1% പലിശ |
| ആകെ | | | | 5000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16621/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2016-17 | 3(1) | 16621 | അസി. എഞ്ചിനീയർ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് | 118010101598/28.6.18 – 6790/- രൂപ<br>1180101016261/28.6.18 – 9831/- രൂപ |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-4(1) | 2006-07 | 3.68.1 | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്തത്- കൊല്ലാഴിപറമ്പ് കോളനി റോഡ് | തുടർ നടപടികൾ നടന്നു വരുന്നു |
| 2001-02 | 3-4(2) | 2006-07 | 3.68.1 | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്തത്- നരിമട പടാട്ടുകുന്ന് റോഡ് | തുടർ നടപടികൾ നടന്നു വരുന്നു |
| 2014-15 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി | തുടർ നടപടികൾ നടന്നു വരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി | തുടർ നടപടികൾ നടന്നു വരുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 1-13 | 2016-17 | 9.3.2 | ജല വിതരണം സംബന്ധിച്ച് | തുടർ നടപടികൾ നടന്നു വരുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 82236407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64179567 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 121662 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3600485 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 49500 | കെ. സജീവ്<br>അസി.എഞ്ചിനീയർ |
| 3-2 | | 3686 | -ടി- |
| 3-3 | | 32473 | -ടി- |
| 3-4 | | 36003 | -ടി- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3411680 | ശ്രീ. പി.കെ. കാർത്തികേയൻ വി.ഇ.ഒ. |
| 1-25 | 38708 | ശ്രീ കെ.സജീവ്, അസി.എഞ്ചിനീയർ |
| 1-27 | 150097 | ശ്രീ കെ.സജീവ്, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിസം |
|---|---|---|
| ശ്രീ.പി.കെ.കാർത്തികേയൻ വി.ഇ.ഒ. | Retired | പാറക്കണ്ടത്തിൽ ഹൗസ്,<br>വെസ്റ്റ് വെള്ളാനിക്കര (പി ഒ)<br>തൃശ്ശൂർ ജില്ല |
| ശ്രീ സജീവ്.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് | അശ്വതി നിവാസ്,<br>കൂറ്റനാട് പി.ഒ,<br>പാലക്കാട് ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6/380/2000/16.6.2000 | 2 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 1997-98 | LFP6/384/2000/6.9.2000 | 36 |
| 1998-99 | LFP9/502/2002/17.6.2002 | 11 |
| 1999-2000 | LFP9/503/2002/17.6.2002 | 15 |
| 2000-01 | LFP11/544/05/23.1.2006 | 14 |
| 2001-02 | LFP11/530/06/12.9.2006 | 12 |
| 2002-03 | LFP11/1192/07/27.6.2008 | 4 |
| 2003-04 | LFP11/1193/07/27.6.2008 | 5 |
| 2004-05 | LFP11/1194/07/27.6.2008 | 3 |
| 2005-06 | LFP11/1195/07/27.6.2008 | 1 |
| 2006-07 | LFP11/198/09/11.12.2009 | 5 |
| 2007-08 | LFP11/198/09/11.12.2009 | 6 |
| 2008-09<br>2009-10<br>2010-11 | LFP20/2409/12/23.3.13 | 13 |
| 2011-12 | LFP20/1277/14/10.10.14 | 16 |
| 2012-13 | LFP20/223/15/6.4.15 | 15 |
| 2013-14<br>2014-15 | KSA-PKD20/959/16/22.6.16 | 14 |
| 2015-16 | KSA-PKD20/2288/16/31.1.17 | 10 |
| 2016-17 | KSA-PKD20/1226/17/12.03.17 | 14 |
| 2017-18 | KSA-PKD20/804/19/19-7-2019 | 16 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം (പകർപ്പ്)</u>

കെ.എസ്.എ-പി.കെ.ഡി.21/997/2019(10)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145

തീയതി 26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്ത തിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.
2. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
3. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD21/997/2019(10)

Kerala State Audit Department,
District Audit Office, Palakkad,

Date: 26.08.2019

Phone Number: 04912 5201

email: dopkd.ksad@kerala.gov.in.

<u>CERTIFICATE</u>

Certified that 1 have examined the Annual Financial Statement of Chalissery Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Chalissery Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

Annexure

Abstracts of defects / Discrepancies

1. Depreciation has been recorded for the assets but the assets register is not complete and the accuracy of the charged amount could not be ascertained.
2. The stock register is not kept as a valued based.
3. Property Tax Demand – Collection – Balance in Sanchaya Software is matched to the Annual Financial Statement by Book Adjustment. But details of the adjustment were not made available for inspection.

Deputy Director

അനുബന്ധം -2

വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം (AFS- Audited Abstract)

| | | | |
|---|---|---|---|
| **Chalissery Grama Panchayat RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17476225.00 |
| Cash | Cash | RP-40(a) | 110684.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1275890.00 |
| 130000000 | Rental income from Panchayat Properties | RP-3 | 707430.00 |
| 140000000 | Fees & User Charges | RP-4 | 475919.00 |
| 150000000 | Sale & Hire Charges | RP-5 | 184507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43140998.00 |
| 171000000 | Interest Earned | RP-9 | 443249.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7354715.00 |
| 350000000 | Other Liabilities | RP-36 | 48726.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 38121.00 |
| 311000000 | Earmarked Funds | RP-29 | 2035.00 |
| 330000000 | Secured Loans | RP-32 | 5980000.00 |
| 340000000 | Deposits Received | RP-34 | 489669.00 |
| 350000000 | Other Liabilities | RP-36 | 239809.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4267730.00 |
| 460000000 | Loans, Advances and Deposits | RP-47 | 700.00 |
| | **Grand total** | | **82236407.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2552353.00 |
| 220000000 | Administrative Expenses | RP-12 | 663923.00 |
| 230000000 | Operations & Maintenance | RP-13 | 2190416.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4957933.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 24237828.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 590195.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 220020.00 |



Digitally signed by SURES Date: 2019.06.18 16:26:3
Reason: Approval Location: Kerala

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 170640.00 |
| 255000000 | Maintenance Projects | RP-20 | 5762250.00 |
| 280000000 | Prior Period item | RP-26 | -19278.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 409316.00 |
| 350000000 | Other Liabilities | RP-36 | 4908323.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 5834.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -5100.00 |
| 311000000 | Earmarked Funds | RP-29 | 21030.00 |
| 330000000 | Secured Loans | RP-32 | 99699.00 |
| 340000000 | Deposits Received | RP-34 | 599470.00 |
| 350000000 | Other Liabilities | RP-36 | 1456550.00 |
| 410000000 | Fixed Assets | RP-38 | 8079630.00 |
| 412000000 | Capital work in Progress | RP-40 | 1064618.00 |
| 420000000 | Investments | RP-41 | 5000000.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1213917.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17882093.00 |
| Cash | Cash | RP-40(b) | 174747.00 |
| | **Grand Total** | | **82236407.00** |

| **Chalissery Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4450481.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1246074.00 |
| 140000000 | Fee & User Charges | I-4(b) | 545619.00 |
| 150000000 | Sale & Hire Charges | I-5(b) | 184507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 104773057.00 |
| 171000000 | Interest Earned | I-8 | 443249.00 |
| 180000000 | Other Income | I-9 | 128846.00 |
| | **Total Income** | | **111771833.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8223676.00 |
| 220000000 | Administrative Expenses | I-11(b) | 684952.00 |
| 230000000 | Operations & Maintenance | I-12(b) | 2610002.00 |
| 240000000 | Interest & Finance Charges | I-13 | 5834.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4957933.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 49973118.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 590195.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 220020.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 40435940.00 |
| 255000000 | Maintenance Projects | I-14(e) | 5762250.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 270000000 | Provisions and Write off | I-16 | -78623.00 |
| 272000000 | Depreciation | I-17(a) | 3451840.00 |
| | **Total Expenditure** | | **116837137.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-5065304.00** |
| 280000000 | Prior Period Item | I-18 | 47873.00 |
| | | | |

| | | | |
|---|---|---|---|
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-5113177.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| **Chalissery Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 12085213.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 31209.00 |
| 312000000 | Reserves | B-3 | 38048193.00 |
| | **Total Reserve & Surplus** | | **50164615.60** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5108085.00 |
| | **Total Grants, Contributions for Specific Purposes** | | **5108085.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5980000.00 |
| | **Total Loans** | | **5980000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 577016.00 |
| 350000000 | Other Liabilities | B-9 | 630638.40 |
| | **Total Current Liabilities and Provisions** | | **1207654.40** |
| | **TOTAL LIABILITIES** | | **62460355.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 42800298.00 |
| 411000000 | Accumulated Depreciation | B-11 | -4880986.00 |
| 412000000 | Capital Work in Progress | B-11(a) | 679001.00 |
| | **Total Fixed Assets** | | **38598313.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5000000.00 |
| | **Total Investments** | | **5000000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 200972.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -21220.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |



Digitally signed by SURES Date: 2019.05.13 11:43:5
Reason: Approval Location: Kerala

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 18056840.00 |
| 460000000 | Loans, Advances and Deposits | B-18 | 625450.00 |
| | **Total Current Assets, Loans and Advances** | | **-21220.00** |
| | **Total Current Assets, Loans and Advances** | | **18883262.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **62460355.00** |

Digitally signed by Secretary

Deputy Director